"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോട്ടയം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത **29931/2025** റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി **12.08.2025**-ന് പുറപ്പെടുവിച്ച വിധിന്യായം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.**21/2026/GEDN** തീയതി,തിരുവനന്തപുരം, **06-02-2026**

---

പരാമർശം:-
1. കോട്ടയം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച **18.07.2025**ലെ റിവ്യൂ ഹർജി. **(Ext. P16)**
2. **29931/2025** നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി **12.08.2025**-ന് പുറപ്പെടുവിച്ച വിധിന്യായം.
3. കോട്ടയം മേഖലാ ഉപമേധാവിയുടെ **23.09.2025**-ലെ **RDDHSE/KTM/2302/2025-A4** നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത **29931/2025** റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി പരാമർശം **(2)** പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരനെ നേരിൽ കേട്ട് ഹർജിക്കാരൻ സമർപ്പിച്ച പരാമർശം **(1)** റിവ്യൂ ഹർജിയിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ **24.09.2025**-ൽ നേരിൽ കേട്ടു.

2. കോട്ടയം അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് **2014-15** ൽ ആണ് ഹയർ സെക്കന്ററിയായി അപ്ഗ്രേഡ് ചെയ്തതെന്നും **31.07.2014** തീയതിയിലെ സ.ഉ (കൈ)**143/2014**/പൊവിവ പ്രകാരം സയൻസ് ബാച്ച് അനുവദിക്കുകയും ആയതിനു **25/01/2021** തീയതിയിലെ സ.ഉ.(കൈ)**41/2021**/പൊവിവ പ്രകാരം എച്ച്.എസ്.എസ്.റ്റി ഫിസിക്സ്, കെമിസ്ട്രി, ഗണിതം, മലയാളം, എന്നീ തസ്തികകളും എച്ച് എസ്

എസ് റ്റി (ജൂനിയർ) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകളും അനുവദിച്ചിരുന്നുവെന്നും **24.11.2014** ലെ സ.ഉ.(കൈ) **247/2014**/പൊവിവ പ്രകാരം ഹിന്ദി ഉപഭാഷയായി അഡീഷണൽ കൊമേഴ്സ് ബാച്ച് ആരംഭിക്കുകയും **19/02.2021** ലെ സ.ഉ.(കൈ)**105/2021**/പൊവിവ തീയതി പ്രകാരം എച്ച്.എസ്.എസ്.റ്റി കൊമേഴ്സ്, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി, കൊമേഴ്സ് എന്നീ തസ്തികകളും അനുവദിച്ചിരുന്നുവെന്നും സ്കൂളിൽ ഇംഗ്ലീഷ് വിഷയത്തിന് **28** പിരീഡുകൾ ലഭ്യമാകുന്നതിനാൽ **HSST (Jr)** ഇംഗ്ലീഷ് തസ്തിക **HSST** ഇംഗ്ലീഷ് തസ്തികയായി അപ്ഗ്രേഡ് ചെയ്യണമെന്ന് മാനേജർ അപേക്ഷിച്ചു.

**3.** കോട്ടയം അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് വിഷയത്തിന് നിലവിൽ ജൂനിയർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ, സ്കൂളിലെ വർക്ക് ലോഡ് അനുസരിച്ച് ഇംഗ്ലീഷ് അധ്യാപകർക്ക് **28** പിരീഡ് ജോലിഭാരം ഉള്ളതിനാലും ആവശ്യത്തിന് വിദ്യാർത്ഥികൾ ഉള്ളതിനാലും, നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഇംഗ്ലീഷ് ജൂനിയർ തസ്തിക സീനിയർ തസ്തികയായി ഉയർത്താവുന്നതാണെന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഉക്കാര്യം വിശദമായി പരിശോധിച്ചു. അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.-ൽ വർക്ക് ലോഡ് അനുസരിച്ച് ഇംഗ്ലീഷ് അധ്യാപകർക്ക് **28** പിരീഡ് ജോലിഭാരം ഉള്ളതിനാലും ആവശ്യത്തിന് വിദ്യാർത്ഥികൾ ഉള്ളതിനാലും ഉത്തരവ് തീയതി പ്രാബല്യത്തിൽ ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് തസ്തിക എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം **(1)** റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

**5.** ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം **(2)** വിധിന്യായത്തിലെ നിർദ്ദേശങ്ങൾ ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം,
തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർസെക്കന്ററി വിദ്യാഭ്യാസം, കോട്ടയം.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, ചങ്ങനാശ്ശേരി

അതിരൂപത, പാസ്റ്ററൽ സെന്റർ, പി.ബി.നം.20, ചങ്ങനാശ്ശേരി, കോട്ടയം - 686101.
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.3623 തീയതി 04.02.2026)
ധനകാര്യ വകുപ്പ് (05.01.2026-ലെ EDN-B1/510/2025-FIN E:3355022 നമ്പർ യു.ഒ റിമാർക്സ് പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 06-02-2026 13:02:23

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-02-2026

ഫയൽ നം. എച്ച്3/244/2025/പൊ.വി.വ. ഇനം നം: 3623

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോട്ടയം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) (ഇംഗ്ലീഷ്) തസ്തിക എച്ച്.എസ്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തികയായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

3623

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്3/244/2025/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | കോട്ടയം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്) തസ്തിക എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയായി ഉയർത്തുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25.01.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ആണ് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ബിന്ദു.ആർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വാസുകി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.02.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോട്ടയം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്) തസ്തിക എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയായി ഉയർത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കോട്ടയം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത 29931/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 12.08.2025-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ മാനേജ്മെന്റിന് കീഴിലെ അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്) തസ്തിക എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച Ext. P16 റിവിഷൻ ഹർജി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3. അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് 2014-15 ൽ ആണ് ഹയർ സെക്കന്ററിയായി അപ്ഗ്രേഡ് ചെയ്തത്. സ.ഉ(എം.എസ്)143/2014/പൊവിവ തീയതി 31.07.2014 പ്രകാരം സയൻസ് ബാച്ച് അനുവദിക്കുകയും ആയതിനു സ.ഉ.(എം.എസ്)41/2021/പൊവിവ തീയതി 25/01/2021 പ്രകാരം എച്ച്.എസ്.എസ്.റ്റി ഫിസിക്സ്, കെമിസ്ട്രി, ഗണിതം, മലയാളം, എന്നീ തസ്തികകളും എച്ച് എസ് എസ് റ്റി (ജൂനിയർ) ബോട്ടണി,

സുവോളജി, ഇംഗ്ലീഷ് എന്നീ തസ്തികകളും അനുവദിച്ചിരുന്നു. സ.ഉ.(എം.എസ്) 247/2014/പൊവിവ തീയതി 24.11.2014 പ്രകാരം ഹിന്ദി ഉപഭാഷയായി അഡീഷണൽ കൊമേഴ്സ് ബാച്ച് ആരംഭിക്കുകയും സ.ഉ.(എം.എസ്)105/2021/പൊവിവ തീയതി 19/02.2021 പ്രകാരം എച്ച്.എസ്.എസ്.റ്റി കൊമേഴ്സ്, എക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി, കൊമേഴ്ന് എന്നീ തസ്തികകളും അനുവദിച്ചിരുന്നു.

4. കോട്ടയം അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് വിഷയത്തിന് നിലവിൽ ജൂനിയർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ, സ്കൂളിലെ വർക്ക് ലോഡ് അനുസരിച്ച് ഇംഗ്ലീഷ് അധ്യാപകർക്ക് 28 പിരീഡ് ജോലിഭാരം ഉള്ളതിനാലും ആവശ്യത്തിന് വിദ്യാർത്ഥികൾ ഉള്ളതിനാലും, നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഈ ഇംഗ്ലീഷ് ജൂനിയർ തസ്തിക സീനിയർ തസ്തികയായി ഉയർത്താവുന്നതാണെന്ന് കോട്ടയം മേഖലാ ഉപമേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (ഇംഗ്ലീഷ്) തസ്തിക എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയായി ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെപ്പറയും പ്രകാരമാണ്.

"29931/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 12.08.2025-ന്

പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി പ്രാബല്യത്തിൽ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഇംഗ്ലീഷ് തസ്തിക എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയായി അപ്ഗ്രേഡ് ചെയ്യാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. കോട്ടയം അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഇംഗ്ലീഷ് തസ്തിക എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്ന വിഷയം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി, കോട്ടയം അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് തസ്തിക എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകാമോ?